## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7101 11.07.2014 -ലെ മറുപടിയ്ക്ക്

# കേരള യൂണിവേഴ്സിറ്റിയുടെ ബിരുദ പഠനതലത്തിലെ സെമസ്റ്ററൈസേഷൻ

*ചോദ്യം*
ശ്രീ. ചിറയം ഗോപകുമാർ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളാ യൂണിവേഴ്സിറ്റി ബിരുദപഠനതലത്തിൽ പാഠ്യപരിഷ്കരണത്തിന്റെ ഭാഗമായി സെമസ്റ്ററൈസേഷൻ പൂർണ്ണമായി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ? | (എ) | കേരള സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ അംഗീകൃത കോളേജുകളിലും ബിരുദപഠനം സെമസ്റ്ററൈസേഷൻ രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നത്. കേരള സർവ്വകലാശാലയുടെ വിദൂര പഠനകേന്ദ്രം മുഖേന നടത്തുന്ന യു.ജി. കോഴ്സുകളുടെ സെമസ്റ്ററൈസേഷൻ 2015-16 അദ്ധ്യയന വർഷം മുതൽ നടപ്പാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സെമസ്റ്ററൈസേഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഏതെങ്കിലും തരത്തിലുള്ള പഠനം യൂണിവേഴ്സിറ്റി നടത്തിയിട്ടുണ്ടോ; | (ബി) | ഡോ. കെ. ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഡിഗ്രിതലത്തിൽ സെമസ്റ്ററൈസേഷൻ നടപ്പിലാക്കിയിട്ടുള്ളത്. കേരള സർവ്വകലാശാലയുടെ വിദൂര പഠനകേന്ദ്രം മുഖേന നടത്തുന്ന യു.ജി. /പി.ജി. കോഴ്സുകൾ സെമസ്റ്ററൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമായി നിയമാവലി രൂപപ്പെടുത്തുന്നതിലേക്കായി ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (സി) | ഈ മേഖലയിൽ അദ്ധ്യാപനം നടത്തിവരുന്നവരെയും പലവിധകാരണങ്ങളാൽ ഗവൺമെന്റ് / എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം നേടുവാൻ കഴിയാതെ പ്രൈവറ്റ് രജിസ്ട്രേഷനെ ആശ്രയിക്കുന്ന | (സി) | ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് ഉചിത നടപടി സ്വീകരിക്കുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികളെയും തികച്ചും പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി പുന:പരിശോധിക്കുന്നതിന് തയ്യാറാകുമോ? | | |

**സെക്ഷൻ ഓഫീസർ**